## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2650** **07-07-2022 - ൽ മറുപടിയ്ക്ക്**

## ഓൺലൈൻ രജിസ്ട്രേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ ആക്കിയതോടെ സെർവർ തകരാർ മൂലമോ മറ്റ് തകരാറുകൾ മൂലമോ ഭൂമി രജിസ്ട്രേഷനും മറ്റും തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിലുണ്ടാകുന്ന തിരക്കുകൾ (ഒരേ സമയം അനവധി പേർ ഒരേ സേവനം ഉപയോഗിയ്ക്കുന്നതു വഴി) കാരണം വെബ് സൈറ്റിലെ സേവനങ്ങൾ മന്ദഗതിയിലാകാറുണ്ട്. ഇപ്രകാരം സേവനം മന്ദഗതിയിലാകുമ്പോൾ തിരക്കുകൾ പരമാവധി നിയന്ത്രണ വിധേയമാക്കി സേവനം നൽകാറുണ്ട്. |
| (ബി) | ഇത്തരത്തിൽ രജിസ്ട്രേഷൻ നടപടികൾ മുടങ്ങുന്നതിന്റെ ഫലമായി ഉപഭോക്താകൾക്കുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | രജിസ്ട്രേഷൻ വകുപ്പിന്റെ സോഫ്റ്റ് വെയറിലെ തകരാറുകൾ പരിഹരിക്കുന്നതുമായി നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 28/05/2022 തീയതിയിൽ കൂടിയ യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങളെടുക്കുകയും ആയത് നടപ്പിലാക്കുന്നതിനായുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>1. ഡാറ്റാബേസ് മാനേജ്മെന്റ് സിസ്റ്റം നിർമ്മാതാക്കളിൽ (POST GRES) നിന്നും സാങ്കേതിക സഹായം തേടാൻ തീരുമാനിക്കുകയുണ്ടായി.<br>2. നിലവിലുള്ള ഹാർഡ് വെയർ ഉപകരണങ്ങൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സ്ഥാപിക്കുന്നതിനുള്ള പ്രപ്പോസൽ എൻ.ഐ.സി നൽകേണ്ടതാണ്.<br>3. നിലവിലുള്ള ഡാറ്റാ ബേസ് സംവിധാനം ഏറ്റവും പുതിയ പതിപ്പിലേയ്ക്ക് മാറ്റേണ്ടതാണ്.<br>4. വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സെർവ്വറുകളും അനുബന്ധ ഉപകരണങ്ങളും Disaster recovery യുമായി ബന്ധപ്പെട്ടുള്ള ആവശ്യത്തിനായി ഉപയോഗിക്കേണ്ടതാണ്.<br>5. ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | 6. Disaster recovery - ക്കായി സർക്കാരിലേയ്ക്ക് പ്രപ്പോസൽ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ